## പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2129 07.03.2017-ൽ മറുപടിയ്ക്ക്

### ഹീമോഫീലിയ രോഗത്തിന് ചികിത്സ

ചോദ്യം

ശ്രീ.എം.ഉമ്മർ

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഹീമോഫീലിയ രോഗത്തിന് മതിയായ ചികിത്സാ സൗകര്യം ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഹീമോഫീലിയ രോഗത്തിന് മതിയായ ചികിത്സാ സൗകര്യങ്ങളുണ്ട്. ഹീമോഫീലിയ രോഗ നിർണ്ണയത്തിനുള്ള Factor array സൗകര്യവും ഹീമോഫീലിയ രോഗ ചികിത്സയ്ക്ക് വേണ്ട Factor VIII ഉം മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. |
| ബി) | ഇതു മൂലം ധാരാളം രോഗികൾ മരണപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ രോഗം മൂലം 9 പേർ മരണമടഞ്ഞിട്ടുണ്ട്. |
| സി) | ഉണ്ടെങ്കിൽ മെഡിക്കൽ കോളേജുകളിൽ ഇതിന് മതിയായ ചികിത്സാ ,സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | സി) | മെഡിക്കൽ കോളേജുകളിൽ ഹീമോഫീലിയ രോഗത്തിന് മതിയായ ചികിത്സാ സൗകര്യങ്ങളുണ്ട്. |
| ഡി) | മലപ്പുറം ജില്ലയിലെ ഹീമോഫീലിയ രോഗികളുടെ എണ്ണം കണക്കിലെടുത്ത് മഞ്ചേരി മെഡിക്കൽ കോളേജിൽ ഹീമോഫീലിയയ്ക്ക് ആവശ്യമായ ചികിത്സാ സൗകര്യം ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) | മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിൽ ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ